**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 498** **25-03-2025 - ൽ മറുപടിയ്ക്ക്**

**നിഷ്ക്രിയ ആസ്തികൾ കുറച്ചുകൊണ്ടുവരുന്നതിന് നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത്,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എം.വിജിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ സഹകരണ മേഖലയിൽ ആർജ്ജിച്ചിട്ടുള്ള വിശ്വാസ്യത നിക്ഷേപ സമാഹരണ രംഗത്ത് ഗുണം ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | **ഈ സർക്കാരിന്റെ കാലയളവിൽ സഹകരണ മേഖലയിൽ ആർജ്ജിച്ചിട്ടുള്ള വിശ്വാസ്യത നിക്ഷേപ സമാഹരണ രംഗത്ത് വളരെയധികം ഗുണം ചെയ്തിട്ടുണ്ട്.**<br><br>**ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2022 ഫെബ്രുവരി 21 മുതൽ 2022 മാർച്ച് 31 വരെ നടന്ന 42 -ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ കാലയളവിൽ നിക്ഷേപത്തിൽ 9967.43 കോടി രൂപയുടെ അറ്റ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.**<br><br>**2023 ഫെബ്രുവരി 15 മുതൽ 2023 മാർച്ച് 31 വരെ നടന്ന 43-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ കാലയളവിൽ നിക്ഷേപത്തിൽ 8646.35 കോടി രൂപയുടെ അറ്റ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.**<br><br>**2024 ജനുവരി 10 മുതൽ 2024 ഫെബ്രുവരി 12 വരെ നടന്ന 44-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ കാലയളവിൽ 23263.7349 കോടി രൂപയുടെ പുതിയ നിക്ഷേപം സമാഹരിക്കാൻ സാധിച്ചിട്ടുണ്ട്. നിക്ഷേപത്തിലുണ്ടായ അറ്റ വർദ്ധനവ് 7467.23 കോടി രൂപയാണ്.**<br><br>**45-ാമത് നിക്ഷേപ സമാഹരണ യജ്ഞം 2025 മാർച്ച് 5 മുതൽ ഏപ്രിൽ 3 വരെയാണ്. 18.03.2025 തീയതി വരെ സമാഹരിച്ച നിക്ഷേപത്തിൽ 684.80 കോടി രൂപയുടെ അറ്റവർദ്ധനവ് ഉണ്ടായിട്ടുണ്ട്. നിക്ഷേപ സമാഹരണത്തിൽ ഉണ്ടായ വർദ്ധനവ് ഈ സർക്കാരിന്റെ കാലയളവിൽ സഹകരണ** |

| | | | |
|---|---|---|---|
| | | | **മേഖലയിൽ ആർജ്ജിച്ചിട്ടുള്ള വിശ്വാസ്യതയ്ക്ക് തെളിവാണ്.** |
| (ബി) | ബാങ്കിംഗ് മേഖലയിലെ പ്രധാന വെല്ലുവിളിയായ നിഷ്ക്രിയ ആസ്തികൾ കുറച്ചുകൊണ്ടുവരുന്നതിന് നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ഗുണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | **സഹകരണ മേഖലയിലെ നിഷ്ക്രിയ ആസ്തികൾ കുറച്ചുകൊണ്ടുവരുന്നതിന് കേരളത്തിലെ നിരവധി സഹകരണ സംഘങ്ങളിൽ (കേരള ബാങ്ക് ഉൾപ്പെടെ) ആർബിട്രേഷൻ/ എക്സിക്യൂഷൻ കേസുകൾ ദ്രുതഗതിയിൽ തീർപ്പാക്കുന്നതിന്റെ ഭാഗമായി ആർബിട്രേറ്റർമാർക്ക്/ സെയിൽ ഓഫീസർമാർക്ക് ജില്ല അടിസ്ഥാനത്തിൽ 3 സോണുകളായി തിരിച്ചുകൊണ്ട് ഓരോ ഉദ്യോഗസ്ഥനും ആർബിട്രേഷൻ/ എക്സിക്യൂഷൻ നടപടിക്രമങ്ങൾ വിവരിച്ചു കൊണ്ട് സമഗ്രമായ ഒരു പരിശീലന പരിപാടി ICM കേന്ദ്രീകരിച്ചു നടത്തിയിട്ടുണ്ട്. ഇതിനു പുറമേ, ആർബിട്രേഷൻ/എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കുന്നതിനായി ഓരോരുത്തർക്കും പ്രത്യേകം ടാർഗറ്റ് നിശ്ചയിച്ചു നല്കിയിട്ടുണ്ട്. പ്രസ്തുത ടാർഗറ്റ് പ്രകാരം 31.03.2025-നകം പരമാവധി തുക പിരിച്ചെടുക്കുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. ആർബിട്രേഷൻ/ എക്സിക്യൂഷൻ നടപടികൾ ഊർജ്ജിതമാക്കിയതോടെ സഹകരണ സംഘങ്ങളിലെ നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുന്നതിന് സഹായകമായിട്ടുണ്ട്.**<br><br>**കൂടാതെ, സഹകരണ വകുപ്പ് നടത്തിവരുന്ന ഒറ്റതവണ തീർപ്പാക്കൽ പദ്ധതി വഴി സഹകാരികൾക്ക് അവരുടെ വായ്പകളിൽ പരമാവധി ഇളവുകളോട് കൂടി തീർപ്പാക്കാൻ അവസരം ലഭിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പ് നടത്തിയ കുടിശ്ശിക നിവാരണ അദാലത്ത് വഴി 2021 മുതൽ 2024 വരെയുള്ള കാലയളവിൽ 11,45,305 വായ്പക്കാർക്ക് ഇളവുകൾ നല്കിയിട്ടുണ്ട്. അതുവഴി സംഘങ്ങളുടെ കിട്ടാക്കടം പിരിച്ചെടുക്കുന്നതിനും നിഷ്ക്രിയ ആസ്തിയിൽ കുറവുണ്ടാകുന്നതിനും കാരണമായിട്ടുണ്ട്.**<br><br>**കേരളാ ബാങ്കിൽ സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടെ 31.03.2025 വരെ നടപ്പിലാക്കിവരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും റിക്കവറി മാനേജ്മെന്റ് പോളിസിയും മുഖേന അർഹതപ്പെട്ട വായ്പാക്കാർക്ക് പലിശ ഇനത്തിൽ പരമാവധി ഇളവുകൾ നൽകുന്നത് വഴി ബാങ്കിന്റെ നിഷ്ക്രിയാസ്തി കുറച്ചുകൊണ്ടുവരുന്നതിന് സഹായകരമാകുന്നുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ മുഖേന കേരളാ ബാങ്കിൽ 15.02.2025 വരെ 8091 കുടിശ്ശിക വായ്പകളുടെ കണക്ക് അവസാനിപ്പിക്കുകയും 1627 കുടിശ്ശിക വായ്പകൾ ക്രമീകരിക്കുകയും** |

| | | | |
|---|---|---|---|
| | | | **ചെയ്യുതിലൂടെ ബാങ്കിൽ നിന്നും 118.26 കോടി രൂപയുടെ ഇളവ് നൽകുകയും 544.27 കോടി രൂപയുടെ കുടിശിക കുറയുകയും ചെയ്തു.** |
| (സി) | നിഷ്ക്രിയ ആസ്തി റിക്കവറി കാര്യത്തിൽ കേരള ബാങ്ക് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഇത് നേടുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നത്; വിശദീകരിക്കുമോ? | (സി) | **നിഷ്ക്രിയ ആസ്തി റിക്കവറി നടത്തി ബാങ്കിന്റെ റെഗുലേറ്ററി അതോറിറ്റികൾ നിഷ്കർഷിച്ചിട്ടുള്ള 7 ശതമാനത്തിൽ താഴെ എത്തിയ്ക്കുക, കുടിശ്ശിക കരുതൽ പരമാവധി കുറച്ചുകൊണ്ടുവന്ന് അറ്റലാഭത്തിലേയ്ക്ക് എത്തിച്ചേരുക തുടങ്ങിയ ലക്ഷ്യങ്ങളിലേയ്ക്ക് എത്തിച്ചേരുന്നതിനുള്ള പ്രവർത്തനങ്ങൾ കേരളാ ബാങ്കിൽ നടത്തിവരുന്നു. കോംപ്രമൈസ് സെറ്റിൽമെന്റ് സ്കീം ആയ റിക്കവറി മാനേജ്മെന്റ് പോളിസി, നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ എന്നീ പദ്ധതികൾ കേരളാ ബാങ്കിൽ നടപ്പിലാക്കിവരുന്നു. D3 (6 മാസത്തിൽ കൂടുതൽ കുടിശ്ശികയുള്ള വായ്പകൾ) വായ്പകൾ കണക്കവസാനിപ്പിക്കുന്നതിൽ One Time Settlement മുഖേന കൂടുതൽ ഇളവ് നൽകുന്നു. D3 വായ്പകൾ കണക്കവസാനിപ്പിക്കുന്നതിനായി Mission 166 എന്ന പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്നു.** |

സെക്ഷൻ ഓഫീസർ